## പത്രക്കുറിപ്പ്

# റിപ്പബ്ലിക് ദിനാഘോഷം: ശക്തമായ സുരക്ഷാ ക്രമീകണങ്ങൾ ഏർപ്പെടുത്തി

# യുവാവിനെ മർദ്ദിച്ച് ബൈക്കും പണവും കവർച്ച ചെയ്ത രണ്ടുപേർ പിടിയിൽ

# മാരക മയക്കമരുന്നുമായി ഒരാൾ അറസ്റ്റിൽ

# അനധികൃത വിദേശ മദ്യവിൽപ്പന: ഒരാൾ പിടിയിൽ

## റിപ്പബ്ലിക് ദിനാഘോഷം: ശക്തമായ സുരക്ഷാ ക്രമീകണങ്ങൾ ഏർപ്പെടുത്തി

തിരുവനന്തപുരം:- റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ജനുവരി-26 ന് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരേഡിനോടനുബന്ധിച്ച് വിപുലമായ സുരക്ഷ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. 4 സോണുകളായി തിരിച്ചാണ് സുരക്ഷയൊരുക്കുന്നത്. ഓരോ സോണിന്റെയും മേൽനോട്ട ചുമതല അസി. കമ്മീഷണർമാർക്കായിരിക്കും. ഒരോ സോണിലും 2 സെക്ടറുകൾ ഉണ്ടാകും. സെക്ടറുകളിൽ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ സ്റ്റേഡിയത്തിനകത്തും പുറത്തുമായി 200 പോലീസുകാരെ വിന്യസിക്കും. കൂടാതെ നഗരത്തിലെ പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് 7 സ്പെഷ്യൽ സ്ട്രൈക്കിംഗ് ഫോഴ്സുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഗവൺമെൻറ് ക്ഷണിക്കപ്പെട്ടിട്ടുള്ള ന്യൂറ് അതിഥികൾ ഒഴികെ, മറ്റു പൊതു ജനങ്ങൾക്ക് സ്റ്റേഡിയത്തിൽ പ്രവേശനം അനുവദിക്കുന്നതല്ല. ഡെപ്യൂട്ടി കമ്മീഷണർ ഡോ. ദിവ്യ വി. ഗോപിനാഥിനായിരിക്കും റിപ്പബ്ലിക് ദിന സുരക്ഷ ക്രമീകരണങ്ങളുടെ പൂർണ്ണ ചുമതലയെന്നും കമ്മീഷണർ അറിയിച്ചു.

## യുവാവിനെ മർദ്ദിച്ച് ബൈക്കും പണവും കവർച്ച ചെയ്ത രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം:- കാക്കാമൂലയിൽ യുവാവിനെ മർദ്ദിച്ച് ബൈക്കും പണവും മൊബൈൽ ഫോണും കവർച്ച ചെയ്തെടുത്ത രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നേമം സ്റ്റുഡിയോ റോഡ് ചാനൽക്കര പുറമ്പോക്കിൽ മാക്കാൻ ഗിരി എന്ന് വിളിക്കുന്ന ഗിരി മനോഹരൻ (21), തിരുവല്ലം മുട്ടളക്കുഴി ലക്ഷംവീട് കോളനി അമ്പു ഭവനിൽ അമ്പു (26) എന്നിവരെയാണ് നേമം പോലീസ് അറസ്റ്റ് ചെയ്തത്. ജനുവരി 17-നാണ് സംഭവം നടന്നത്. രാത്രി 8.30 മണിയോടുകൂടി ബൈക്കിൽ വരികയായിരുന്ന വെള്ളായണി സ്വദേശി 22 വയസ്സുള്ള ഹാജ ഹുസൈനെ കാക്കാമൂല കായലിന് സമീപം റോഡിൽ വച്ച് പ്രതികൾ തടഞ്ഞു നിർത്തി ഹെൽമെറ്റ് കൊണ്ട് തലയ്ക്കടിച്ചും ചവിട്ടി വീഴ്ത്തിയും, ബൈക്കും മൊബൈൽ ഫോണും 2500/- രൂപയും കവർച്ച ചെയ്തെടുക്കുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെക്കുറിച്ച് ഫോർട്ട് അസ്സിസ്റ്റന്റ് കമ്മീഷണർ പ്രതാപൻ നായർക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ പ്രതികളെ പിടികൂടിയത്. ഇവരുടെ പേരിൽ മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ ബൈക്ക് മോഷണക്കേസ്സും നേമം പോലീസ് സ്റ്റേഷനിൽ രണ്ട് ബൈക്കുകൾ കത്തിച്ച കേസ്സുകളും ഉൾപ്പെടെ നിരവധി ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. നേമം എസ്.എച്ച്.ഒ അനൂപ് കൃഷ്ണ, എസ്.ഐ ദീപു,



നേമം പോലീസ് അറസ്റ്റ് ചെയ്ത ഗിരി മനോഹരൻ (21), അമ്പു (26)

എ.എസ്.ഐ-മാരായ ശ്രീകുമാർ, പത്മകുമാർ, സി.പി.ഒ-മാരായ ബിമൽ മിത്ര, ബിജു, അഭിറാം, ലക്ഷ്മണൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## മാരകമയക്കുമരുന്നുമായി ഒരാൾ പിടിയിൽ

തിരുവനന്തപുരം :- മാരകമയക്കുമരുന്നായ എം.ഡി.എം.എ-യുമായി ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പേരൂർക്കട ഊളമ്പാറ അഭയ നഗറിൽ കുരിശ് അബി എന്ന് വിളിക്കുന്ന അഭിമന്യൂ (31)-നെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ ടെക്നോപാർക്കിലെ ഒരു കമ്പനിയിലെ ജീവനക്കാരനാണ്. ഇയാളിൽ നിന്നും വിൽപ്പനയ്ക്കായി പാക്കറ്റുകളാക്കി സൂക്ഷിച്ചിരുന്ന എം.ഡി.എം.എ-യും പിടിച്ചെടുത്തു. വളരെ ചെറിയ അളവിൽ ഉപയോഗിച്ചാലും കൂടുതൽ ലഹരി ലഭിക്കുന്ന വില കൂടിയ മയക്കുമരുന്നാണ് എം.ഡി.എം.എ. ഐ.റ്റി മേഖല കേന്ദ്രീകരിച്ച് മയക്കുമരുന്നുകളുടെ ഉപയോഗവും വിപണനവും വ്യാപകമായി നടക്കുന്നതായുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ നാർക്കോട്ടിക് സെൽ അസ്സിസ്റ്റന്റ് കമ്മീഷണർ ഷീൻ തറയലിന്റെ നേതൃത്വത്തിൽ ഡാൻസാഫ് ടീം നിരന്തരമായി നടത്തിയ അന്വേഷണത്തിലാണ് ശ്രീകാര്യത്ത് നിന്നും ഇയാളെ പിടികൂടിയത്. ഐ.റ്റി മേഖലയിൽ



ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്ത
അഭിമന്യൂ (31)

മയക്കുമരുന്ന് വിൽപ്പന നടത്തുന്നവരിൽ പ്രധാനിയാണ് അഭിമന്യു. ഇയാളെ ചോദ്യം ചെയ്തതിൽ നഗരത്തിലെ സിന്തറ്റിക് ഡ്രഗ് വിൽപ്പന സംഘങ്ങളെക്കുറിച്ച് കൂടുതൽ വിവരം ലഭിച്ചതായും അവരെ പിടികൂടുന്നതിനായി അന്വേഷണം ഊർജ്ജിതമായി തുടരുമെന്നും ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.ദിവ്യ.വി.ഗോപിനാഥ് അറിയിച്ചു. ശ്രീകാര്യം എസ്.എച്ച്.ഒ അഭിലാഷ് ഡേവിഡ്, എസ്.ഐ വിപിൻ, ഡാൻസാഫ് ടീം അംഗങ്ങളായ എസ്.ഐ ഗോപകുമാർ, എസ്.സി.പി.ഒ-മാരായ വിനോദ്, ഷിബു, സി.പി.ഒ-മാരായ അരുൺ, രഞ്ജിത്, ഷിബു, നാജി ബഷീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## അനധികൃത വിദേശ മദ്യവിൽപ്പന: ഒരാൾ പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം തീരപ്രദേശം കേന്ദ്രീകരിച്ച് അനധികൃതമായി വിദേശമദ്യം വിൽപ്പന നടത്തി വന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം പാലത്തറ പുരയിടത്തിൽ ജോൺസൺ (46)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന ഏഴര ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യവും പിടിച്ചെടുത്തു. ഇയാൾ ബിവറേജ് ഔട്ട് ലെറ്റിൽ നിന്നും മദ്യം വാങ്ങി ആവശ്യക്കാർക്ക് ചില്ലറ വിൽപ്പന നടത്തി വരികയായിരുന്നു. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ജോൺസൺ (46)

വിഴിഞ്ഞം എസ്.എച്ച്.ഒ എസ്.ബി.പ്രവീണിന്റെ നേതൃത്വത്തിൽ എ.എസ്.ഐ സാബുചന്ദ്രൻ, സി.പി.ഒ-മാരായ പത്മകുമാർ,

സുബാഷ്.എസ്.ശങ്കർ, അജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് വിഴിഞ്ഞം പഴയപാലത്തിന് സമീപത്ത് നിന്നും പ്രതിയെ പിടികൂടിയത്. വിഴിഞ്ഞം പോലീസ് സ്റ്റേഷനിലെ റൌഡി ലിസ്റ്റിൽ ഉൾപ്പെട്ട ഇയാൾക്കെതിരെ പന്ത്രണ്ടോളം ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
24-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി